**Communication and Capacity Development Unit**
**Water Resources Department, Government of Kerala**

1st Floor, PTC Towers,
SS Kovil Road, Thampanoor,
Thiruvananthapuram,
Kerala – 695 001
☏ +91-471-2320848
E-mail – ccdukerala@gmail.com
Website – ccdukerala.com

No. 101/TRG/Jalasree/CCDU

തീയതി : 22-05-13

പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്

സർ/മാഡം

വിഷയം : **ജലശ്രീ ക്ലബ്ബുകളും ജലസൗഹൃദ വിദ്യാലയങ്ങളും-രൂപീകരണം സംബന്ധിച്ച് :-**

സൂചന : നം. 69384/എം1/2011/പൊ.വി.വ., തീയതി. 13.12.2012.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന ജലവിഭവ വകുപ്പ് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ജലശ്രീ കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളെ ജലസൗഹൃദ ക്യാമ്പസുകളാക്കുക എന്ന ലക്ഷ്യത്തോടെ ജലശ്രീ ക്ലബ്ബുകൾ ആരംഭിച്ചിരിക്കുകയാണ്. മഴവെള്ള സംഭരണം, ഭൂജലപരിപോഷണം, ജലവിനിമയം എന്നിവയിൽ പുതിയൊരു ജലസംസ്കാരം വിദ്യാർത്ഥികളിൽ കൂടി കുടുംബങ്ങളിലേക്കും അതുവഴി സമൂഹത്തിലേക്കും വ്യാപിപ്പിക്കുക എന്നതാണ് ജലശ്രീ ക്ലബ്ബുകളും-ജലസൗഹൃദ വിദ്യാലയങ്ങളുടെ കൊണ്ട് ഉദ്ദേശിക്കുന്നത്. ജലശ്രീ ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിക്കുകവാൻ താത്പര്യമുള്ള വിദ്യാലയങ്ങൾ ഇതിനോടൊപ്പമുള്ള രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് ചുവടെ ചേർത്തിരിക്കുന്ന വിലാസത്തിൽ ജൂൺ 30 ന് മുമ്പായി അയയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ

<u>വിലാസം</u>

കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റ്, വി.റ്റി.സി. ടവർ ഒന്നാംനില,
എസ്.എസ്. കോവിൽ റോഡ്, തമ്പാനൂർ, തിരുവനന്തപുരം-01
E-mail: ccdukerala@gmail.com
Ph: 91-471-2320848

**ജലശ്രീ ജലകൂട്ടായ്മ**
**(ഭാവി തലമുറയുടെ മുന്നൊരുക്കം)**

**ആമുഖം**

കേരളത്തിലെ ജലസമൃദ്ധിയും ജലശുദ്ധിയും കൂടുതലായി വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും സഹായമാകുന്ന നിരവധി പ്രവർത്തനങ്ങൾക്ക് വിവിധതലങ്ങളിൽ സർക്കാർ രൂപം നല്കിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നാളത്തെ തലമുറയിൽ കൂടുതൽ ജലപരിസ്ഥിതി അവബോധം സൃഷ്ടിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ 'ജലശ്രീ ജലക്കൂട്ടായ്മകൾ' രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിലും അവരിലൂടെ സമൂഹത്തിലും കൂടുതൽ ജലാവബോധവും കർമ്മപരിപാടികളും രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ജലശ്രീക്ലബ്ബുകൾ രൂപീകരിക്കുന്നത്. നാളെയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥികളെ കൂടുതൽ സർഗാത്മകമായ പ്രവർത്തനങ്ങൾക്കായി പ്രേരിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

ജലസംരക്ഷണം, മഴയറിവ്, മഴവെള്ളസംഭരണം, ഭൂജലപരിഷോഷണം, ജലശുദ്ധി, ജലഗുണനിലവാരം, ജലവിനിമയ വിനിയോഗ സംസ്കാരം തുടങ്ങിയ മേഖലകളിൽ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ വിദ്യാർത്ഥികളെയും സമൂഹത്തെയും സജ്ജരാക്കുവാനും പദ്ധതിയിലൂടെ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**<u>ലക്ഷ്യങ്ങൾ</u>**

1. ജലപരിസ്ഥിതി സൗഹൃദ ക്യാമ്പസുകളാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റിയെടുക്കുക. അതിലൂടെ പൊതുജനങ്ങൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുവാൻ കഴിയുന്ന മാതൃകാ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും വ്യാപിക്കുകയും ചെയ്യുക.

2. സമൂഹത്തിൽ പുതിയൊരു ജലസംസ്കാരം രൂപപ്പെടുത്തുവാൻ കുട്ടികളെ സജ്ജമാക്കുക.

3. ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.

4. ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം, ജലദൗർലഭ്യം, ജലസംഭരണ സംരക്ഷണ മാർഗ്ഗങ്ങൾ, മാതൃകകൾ, രീതികൾ, ശുദ്ധികരണ സംവിധാനങ്ങൾ എന്നിവയെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുക.

5. ഗ്രാമങ്ങളും നഗരങ്ങളും നേരിടുന്ന ജലപ്രശ്നങ്ങൾ മനസ്സിലാക്കുക.

6. പൊതു സമൂഹത്തെ കാര്യക്ഷമമായ ജല ഉപയോഗത്തെക്കുറിച്ച് പഠിപ്പിക്കുക.

7. ജലസ്രോതസ്സുകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുക.

8. സ്കൂളുകളിൽ ജലസംഭരണ, ശുദ്ധീകരണ, വിതരണ സംവിധാനങ്ങൾ ഉറപ്പാക്കുക.

9. സ്കൂളിലും, വീടുകളിലും മഴവെള്ള സംഭരണി, ഭൂജല പരിപോഷണം, ജലശുദ്ധി എന്നിവയുടെ ആവശ്യകതയെക്കുറിച്ച് ആളുകളെ ബോധവത്ക്കരിക്കുക.

10. ജലഗുണനിലവാര പരിശോധനാ മാർഗ്ഗങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുക.

11. ഓരോ പ്രദേശത്തും ചെയ്തിട്ടുള്ള ജലമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഡോക്യൂമെന്റ് ചെയ്യുക.

**ഘടന**

1. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജലശ്രീ - ജലകൂട്ടായ്മ രൂപീകരിക്കുക.

2. ഓരോ സ്ഥാപനങ്ങളിലേയും കൂട്ടായ്മയിൽ മുപ്പത് മുതൽ അൻപത് വരെ കുട്ടികൾ അംഗങ്ങളായിരിക്കണം.

3. ഓരോ കൂട്ടായ്മയിലും അഞ്ച് പേർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കണം.

4. സംഘടനയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനും ഉപദേശങ്ങൾ നൽകുവാനും ഒരു അദ്ധ്യാപകന്റെ നേതൃത്വം ഉണ്ടായിരിക്കണം.

**പ്രവർത്തനങ്ങൾ**

1. ഔദ്യോഗികമായി ജലശ്രീ ജലകൂട്ടായ്മ രൂപീകരിക്കുക.

2. ടീം ചുമതലക്കാരെ നിയമിക്കുക.

3. ഔദ്യോഗികമായ ഉദ്ഘാടനം സംഘടിപ്പിക്കുക.

4. കൂട്ടായ്മയുടെ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കുക.

5. സ്ഥാപനങ്ങളിലും സമൂഹത്തിലും വിവിധങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

**ജലശ്രീ കൂട്ടായ്മയ്ക്ക് നിർദ്ദേശിക്കപ്പെടുന്ന വിവിധ പേരുകൾ**

| | |
|---|---|
| മേഘ | മഴവില്ല് |
| വർഷ | അളകനന്ദ |
| ജലധാര | ഗംഗ |
| മേഘദൂത് | വർഷധാര |
| മേഘ സന്ദേശം | മേഘമൽഹാർ |
| ജലസമൃദ്ധി | മൺസൂൺ |
| മഴ | ഗംഗ |
| മഴക്കൂട്ടം | ബ്രഹ്മപുത്ര |
| വർഷിണി | കാവേരി |
| ജലസമൃദ്ധി | ഗംഗോത്രി |
| അമൃതധാര | യമുന |
| മഴത്തുള്ളി | കൃഷ്ണ |
| മഴമേഘം | ഇന്ത്യയിലെയും കേരളത്തിലെയും മറ്റ് നദികൾ |
| ജലപുണ്യ | |

**പരിപാടികൾ (നിർദ്ദേശം)**

**ജലസംബന്ധമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.**

| | |
|---|---|
| പ്രതിജ്ഞ | വാർത്താ ബോർഡ് |
| ചർച്ചകൾ | പ്രഭാഷണങ്ങൾ |
| സംവാദങ്ങൾ | റാലികൾ / സൈക്കിൾ റാലി |
| പോസ്റ്ററുകൾ തയ്യാറാക്കുക | പദയാത്രകൾ |
| മത്സരങ്ങൾ | കത്തയക്കൽ |
| സെമിനാറുകൾ | പഠനങ്ങൾ |
| പരിശീലനങ്ങൾ | ജലസന്ധ്യ |
| ശില്പശാലകൾ | ദിനാചരണം |
| സർവേകൾ | മഴകലണ്ടർ |
| ശുചീകരണ പ്രവർത്തനങ്ങൾ | മഴകണക്ക് |
| നാടകങ്ങൾ | മഹത്‌വചന പ്രദർശനം |
| കലാജാഥകൾ | പ്രശ്നോത്തരി |
| ഡോക്യുമെന്ററികൾ നിർമ്മിക്കൽ | ജല സാമ്പിൾ പരിശോധന |
| ഗൃഹസന്ദർശനം | ജല ആൽബം തയ്യാറാക്കൽ |

നിരീക്ഷണ പ്രോജക്ടുകൾ
എക്സിബിഷനുകൾ
ഡോക്യൂമെന്റേഷൻ
നാട്ടറിവ് ശേഖരണം
ഫോട്ടോഗ്രാഫി
പഠനയാത്രകൾ
സഹവാസ ക്യാമ്പുകൾ
നിരീക്ഷണ യാത്രകൾ
ബോധവൽക്കരണ ക്ലാസുകൾ
കിണർ സർവെ
ജലച്ചൊല്ല് തയ്യാറാക്കൽ
ക്ലോറിനേഷൻ
ജലമുദ്രാവക്യങ്ങൾ
ജലസന്ദേശ പരസ്യങ്ങൾ തയ്യാറാക്കൽ
ജലസംഭരണസംരക്ഷണസംവിധാനങ്ങൾവിലയിരുത്തലും, റിപ്പോർട്ടുകൾ തയ്യാറാക്കലും

<u>പ്രവർത്തനങ്ങൾ</u>

1. **ജലപ്രതിജ്ഞ**
മാസത്തിൽ ഒരു ദിവസത്തെ സ്കൂൾ അസംബ്ലിയിൽ ജലപ്രതിജ്ഞ ചൊല്ലുക (കോപ്പി കാണുക)

2. **റാലികൾ**
ജലശ്രീ കൂട്ടായ്മയുടെ നേതൃത്വത്തിൽ വിദ്യാലയത്തിന്റെ സമീപപ്രദേശങ്ങളിലും മറ്റ് വിദ്യാലയങ്ങളി ലേക്കും ജലശ്രീ സന്ദേശറാലികൾ സംഘടിപ്പിക്കുക. സൈക്കിൾ റാലിയും കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള റാലിയും ആകാവുന്നതാണ്.

3. **പദയാത്ര**
വിദ്യാലയത്തിന്റെ പരിസരത്തുള്ള ജലസ്രോതസ്സുകൾ ബന്ധിപ്പിച്ചുള്ള പദയാത്രകൾ സംഘടിക്കുക.

ജലസ്രോതസുകളുടെ സമീപം ദീപകാഴ്ചയും പ്രതിജ്ഞയും സംഘടിപ്പിക്കുക.

4. **ജലസന്ധ്യ**
വിദ്യാലയം സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഒരു ദിവസം സന്ധ്യാസമയം വിദ്യാർത്ഥികൾ ഒത്തു ചേർന്ന് വിവിധ പരിപാടികളോടെ ജലസന്ധ്യ ആഘോഷിക്കുക.

5. **ഗൃഹസന്ദർശനം**
ജലശ്രീ കൂട്ടായ്മയുടെ നേതൃത്വത്തിൽ 200 വീടുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. ഇതിനായി പ്രത്യേക ഫോറങ്ങൾ ജലകൂട്ടായ്മകൾ തയ്യാറാകണം.

6. **ജലശുദ്ധി പരിശോധന**
വിദ്യാലയത്തിന്റെ സമീപപ്രദേശങ്ങളിലെ പഞ്ചായത്തുകളിലെ കുടിവെള്ള സ്രോതസുകളുടെ ഗുണനിലവാരം പരിശോധിക്കുക. ജലനിധി, സ്വജൽധാര, പഞ്ചായത്തുതല കുടിവെള്ള പദ്ധതികൾ എന്നിവ നിലവിലുള്ള പഞ്ചായത്തുകളിൽ അവയിലെ ജലസ്രോതസുകൾ നിർബന്ധമായും പരിശോധിക്കേണ്ടതാണ്.

7. **പ്രദർശനങ്ങൾ**
വിദ്യാലയത്തിനുള്ളിലും പരിസരദേശങ്ങളിലും കഴിയുന്നത്ര പ്രദർശനങ്ങൾ രൂപപ്പെടുത്തുക. പോസ്റ്റർ, ബാനർ എന്നിവ പ്രദർശിപ്പിക്കാവുന്നതാണ്. പോസ്റ്റർ, ബാനർ രചനകളും കാർട്ടൂൺ വരകളും ആകാവുന്നതാണ്.

8. **മത്സരങ്ങൾ**
ജലകൂട്ടായ്മയുടെ നേതൃത്വത്തിൽ ജലപ്രശ്നോത്തരി, നീരറിവ്, മഴകവിതരചന, മഴക്കഥ, മഴസാഹിത്യം, എന്നിവ നടത്തണം.

9. **വാർത്താപത്രിക**
ജലസംബന്ധമായ വിവരങ്ങൾ ശേഖരിച്ച് വാർത്താപത്രിക തയ്യാറാക്കുക.

10. **ജലശ്രീ വാർത്ത ബോർഡ്**
സ്കൂൾ പ്രിൻസിപ്പൽ / ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ് എന്നിവരുടെ ഓഫീസിനു മുൻവശം ജലശ്രീ വാർത്താ ബോർഡ് സ്ഥാപിക്കേണ്ടതാണ്. എല്ലാ പ്രവർത്തി ദിവസവും വാർത്താബോർഡിൽ ജലശ്രീ കൂട്ടായ്മയുടെ നേതൃത്വത്തിൽ ജലവുമായി ബന്ധപ്പെട്ട മുദ്രാവാക്യങ്ങൾ, പ്രതിജ്ഞകൾ, പഴഞ്ചൊല്ലുകൾ, ജലസംരക്ഷണ നുറുങ്ങുകൾ, കൗതുക വാർത്തകൾ, പുത്തൻ അറിവുകൾ എന്നിവ പ്രദർശിപ്പിക്കുക.

11. **ഡോക്യുമെന്ററി**
സാമ്പത്തിക ബാധ്യതയില്ലാതെ ഡോക്യുമെന്ററിയുടെ സാധ്യത പരിശോധിക്കണം. കഴിയാത്ത സാഹചര്യത്തിൽ ജലശ്രീ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഡോക്യുമെന്ററിക്കുള്ള സ്ക്രിപ്റ്റ് തയ്യാറാക്കുക.

12. **കാർഡയക്കൽ**
പരമാവധി കുട്ടികളെകൊണ്ട് പോസ്റ്റൽ കാർഡിൽ ജലസന്ദേശങ്ങൾ ബന്ധുക്കൾക്ക് അയപ്പിക്കുക.

13. **ജലശ്രീ കൂട്ടായ്മ കത്ത് നൽകൽ**

സ്കൂളിലെ ഓരോ ക്ലാസിലും ഒരു ജലശ്രീ കൂട്ടായ്മ അംഗത്തിന്റെ നേതൃത്വത്തിൽ രണ്ടു പേർ പോകുകയും താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്യുക.

ഓരോ ക്ലാസിലും ടീച്ചറുടെ അനുവാദത്തോടെ കയറിയശേഷം എല്ലാവരേയും അഭിവാദ്യം ചെയ്യുക.

തുടർന്ന് എല്ലാവരോടും ഓരോ ഷീറ്റ് വെള്ളപേപ്പറും പേനയും എടുക്കുവാൻ ആവശ്യപ്പെടുക.

ജലശ്രീ കൂട്ടായ്മയിലെ ഒരാൾ താഴെ പറയുന്നതു പോലെ എഴുതുവാൻ എല്ലാവരോടും ആവശ്യപ്പെടുക.

എഴുതിക്കേണ്ട കാര്യം (ഓരോ കുട്ടികളും അവരവരുടെ പേപ്പറിലാണ് എഴുതേണ്ടത്) വ്യക്തമായി പറയണം.

പ്രിയപ്പെട്ട ചങ്ങാതിയുടെ മാതാപിതാക്കളും രക്ഷാകർത്താക്കളും അറിയുന്നതിന്,
ജലശ്രീ കൂട്ടായ്മയിലെ ഞങ്ങൾ എഴുതുന്ന കത്ത്.

കേരളം മഴയുടെ സ്വന്തം നാടാണ്. മൺസൂണിന്റെ കവാടം കൂടിയായ നമ്മുടെ സംസ്ഥാനത്തെ ജലസ്രോതസുകളുടെ പ്രധാന ആശ്രയവും മഴതന്നെയാണ്. കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവുമെല്ലാം കൂടുതൽ ഇല്ലാതാക്കുന്നതും നാശങ്ങൾ വിതയ്ക്കുന്നതും ജലമേഖലയിലാണ്. മഴ മാറുന്നതും കുറയുന്നതുമെല്ലാം നമ്മൾ കാണുകയാണ്. വരൾച്ചയും വെള്ളപ്പൊക്കവും ദുരിതങ്ങളാണ് നൽകുന്നത്. ജലകുറവുപോലെ തന്നെ പ്രധാനമാണ് ജലമലിനീകരണവും. നമ്മുടെ നാട്ടിലെ നദികളും പുഴകളും കുളങ്ങളും ആറുമെല്ലാം മാലിന്യങ്ങൾ കൊണ്ട് നിറയുകയാണ്. ഇത്തരം മാലിന്യവാഹിനികൾ നമ്മുടെ കുടിവെള്ള സ്രോതസുകളാണെന്ന് നാം പലപ്പോഴും ഓർക്കുന്നില്ല.

നമുക്ക് മഴയെ കൂടുതൽ കരുതുവാൻ കഴിയണം. കിണറും കുളവുമുൾപ്പെടെ എല്ലാ ജലസ്രോതസുകളും സംരക്ഷിക്കുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. മാലിന്യങ്ങൾ വലിച്ചെറിയരുത്. സ്കൂളിലെ ജലശ്രീ കൂട്ടായ്മയുടെ നേതൃത്വത്തിൽ ജലസമൃദ്ധിക്കും ജലശുദ്ധിക്കുമായി ഒരുപാടു കാര്യങ്ങളാണ് ചെയ്യുന്നത്. വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ സഹായവും ആശീർവാദവും നൽകുവാൻ ജലശ്രീ കൂട്ടായ്മയ്ക്കു വേണ്ടി അഭ്യർത്ഥിക്കുന്നു.

എന്ന്

ജലശ്രീകൂട്ടായ്മ
സ്കൂളിന്റെ പേര്

മുകളിൽ പറഞ്ഞവ ഓരോ കൂട്ടിയെയും കൊണ്ട് എഴുതിച്ച് മടക്കിയശേഷം ഓരോരുത്തരുടെയും വീട്ടുകാരുടെ പേരെഴുതി അവരവരുടെ വീട്ടിൽ നൽകുവാൻ പറയണം.

14. **സ്കൂൾ പരിസരത്തെ ജലബോർഡുകൾ**
സ്കൂളിന്റെ പ്രവേശന കവാടം മുതൽ വിവിധ സ്ഥലങ്ങളിലും കൈകഴുകുന്ന പൈപ്പുകൾക്കു സമീപവും ജലത്തിന്റെ മിതോപയോഗത്തെ സംബന്ധിച്ച് ബോർഡുകൾ സ്ഥാപിക്കുക.

15. **ജലശ്രീ കൂട്ടായ്മ പത്രം**
എല്ലാ ക്ലാസിലും ജലസംരക്ഷണത്തെ കുറിച്ചുള്ള പത്രം തയ്യാറാക്കുക

16. **ഫോട്ടോ ആൽബം**
സ്കൂൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ മഴവെള്ള സംഭരണികൾ, മറ്റ് മാതൃകാപ്രവർത്തനങ്ങൾ എന്നിവചേർത്ത് ഫോട്ടോ ആൽബം തയ്യാറാക്കുക.

17. **ജലചിന്ത**
സ്കൂൾ അസംബ്ലികളിൽ ജലചിന്തകളും പ്രഭാഷണങ്ങളും നൽകുക.

**<u>തനതു വിഭാഗം</u>**

ഓരോ സ്കൂളിന്റെ സവിശേഷതകൾക്കനുസരിച്ച് ഓരോ പ്രദേശത്തും കൂടുതൽ ജലാവബോധം സൃഷ്ടിക്കുവാനുള്ള നിരവധി തനതു പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

ചില സൂചനകൾ ചുവടെ ചേർക്കുന്നു.

1. മഴ അറിവ് പരിപാടികൾ
2. മഴയാത്രകൾ
3. പുഴയെ അറിയുക
4. മഴയോടൊപ്പം
5. കിണർ നിരീക്ഷണം
6. മഴയളക്കൽ
7. നീർക്കുഴി തയ്യാറാക്കൽ
8. ജൈവവേലി നിർമ്മാണം
9. തടയണ നിർമ്മാണം
10. ക്ലോറിനേഷൻ
11. ജലകൂട്ടായ്മ റിബൺ നൽകൽ
12. ജലകൂട്ടായ്മ ബാഡ്ജ് ധരിക്കൽ
13. ജലകൂട്ടായ്മ ടീ ഷർട്ട് ധരിക്കൽ
14. മരതൈ നടീൽ

NB: പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മികച്ച ജലശ്രീ ക്ലബ്ബിന് പുരസ്കാരം നൽകുന്നതിനാൽ ക്ലബ്ബിന്റെ എല്ലാ പ്രവർത്തനങ്ങളും ലളിതമായ രീതിയിൽ ഡോക്യുമെന്റ് ചെയ്യുക.

# ജലശ്രീ കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റ്

## ജലവിഭവ വകുപ്പ്, കേരള സർക്കാർ

## ജലശ്രീ ക്ലബ്ബ്-രജിസ്ട്രേഷൻ ഫോറം

| ഓഫീസ് ഉപയോഗത്തിന് | രജി. നം. : .......................... തീയതി : ............................ |
|---|---|

ജില്ല : ..................................................................................................

1. സ്കൂളിന്റെ പേര് : ..........................................................................

   അപേക്ഷിക്കുന്ന വിഭാഗം HSE ☐ VHSE ☐ HS ☐ UP ☐

2. സ്കൂളിന്റെ പൂർണ്ണ വിലാസം : ..........................................................................

   ..........................................................................

   ..........................................................................

   പിൻകോഡ് : ..........................................................................

3. ഫോൺ നമ്പർ (കോഡ് സഹിതം) : ..........................................................................
4. ഇ - മെയിൽ വിലാസം : ..........................................................................
5. ജലശ്രീ ക്ലബ്ബിന് നൽകിയിരിക്കുന്ന പേര് : ..........................................................................
6. ക്ലബ്ബിൽ അംഗമായവരുടെ എണ്ണം : ആൺ : ............ പെൺ : ............ ആകെ : ................
7. ചുമതലയുള്ള അധ്യാപകൻ/അധ്യാപികയുടെ പേര് : ..........................................................................

   ഫോൺ നമ്പർ : ..........................................................................

8. സ്കൂളിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം : ..........................................................................
9. സ്കൂളിൽ കുടിവെള്ള ദൗർലഭ്യം ഉണ്ടോ ? : ..........................................................................
10. പ്രധാനമായും ആശ്രയിക്കുന്ന ജലസ്രോതസ്: കിണർ ☐ പൈപ്പ് ☐ കുഴൽകിണർ ☐ മറ്റുള്ളവ ☐
11. മഴവെള്ള സംഭരണി ഉണ്ടോ ? : ..........................................................................

    ഉണ്ടെങ്കിൽ പ്രവർത്തിക്കുന്നുണ്ടോ ? : ..........................................................................

13. സ്കൂളിനുള്ള ആകെ സ്ഥലം : ..........................................................................

13. സ്കൂൾ വിഭാഗം : ഗവൺമെന്റ് ☐ എയ്ഡഡ് ☐ അൺഎയ്ഡഡ് ☐

..........................................................................................................................

(സ്കൂളിന്റെ പേര്) ന് ജലശ്രീ സി.സി.ഡി.യു.വിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ജലശ്രീ ക്ലബ്ബിന്റെ ഒരു യൂണിറ്റ് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

സ്ഥലം :

തീയതി : പ്രിൻസിപ്പൽ/എച്ച്.എം.

**NB : ക്ലബ്ബ് രൂപീകരിച്ചശേഷം ഫോം പൂരിപ്പിച്ചയയ്ക്കുക.**

അയയ്ക്കേണ്ട വിലാസം : **ഡയറക്ടർ, കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ്, പി.റ്റി.സി. ടവർ, ഒന്നാംനില, എസ്.എസ്. കോവിൽ റോഡ്, തമ്പാനൂർ, തിരുവനന്തപുരം - 01, ഫോൺ : 0471-2320848**

**E-mail: ccdukerala@gmail.com**

വിശദവിവരങ്ങൾക്ക് : 90 37 12 73 72